(ഡി) നിവേദനത്തിൽ 'സോഫ്റ്റ് വുഡ്' അന്യ സംസ്ഥാനങ്ങളിൽ കടത്തിക്കൊണ്ടുപോകുന്നു എന്ന പൊതുവായ ഒരു പരാതിയാണ് ഉന്നയിച്ചിട്ടുള്ളത്. പ്രത്യേകം സംഭവങ്ങളൊന്നും എടുത്തു പറഞ്ഞിട്ടില്ല. എല്ലാത്തരം വെള്ളമരങ്ങളും മുറിക്കും, വിറകും സംസ്ഥാനത്തിനു പുറത്തേക്ക് കടത്തിക്കൊണ്ടുപോകുന്നത് നിയമംമൂലം ഗവൺമെന്റ് നിയന്ത്രിച്ചിട്ടുണ്ട്. നിയമം ലംഘിക്കുന്നതായി കണ്ടുപിടിച്ചാൽ നടപടികളും എടുക്കുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ് : തീപ്പെട്ടി വ്യവസായത്തിന് സോഫ്റ്റ് വുഡ് ലഭ്യമാകാൻ വളരെ പ്രയാസമുള്ള ഈ സാഹചര്യത്തിൽ അവരുടെ ആവശ്യത്തിനനുസരണമായി ഉപയോഗിക്കത്തക്കരീതിയിൽ സോഫ്റ്റ് വുഡ് ലഭ്യമാകാൻവേണ്ടി പുതിയതായി വല്ല സംവിധാനവും ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടിയെടുക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ചെറുകിട വ്യവസായികൾക്കുണ്ടായിരുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുവാനാണ് ആദ്യം നടപടിയെടുത്തത്. അതിൻപ്രകാരമാണ് ഞാൻ (ബി) ഉത്തരത്തിൽ പറഞ്ഞിട്ടുള്ള ഈ മാറ്റങ്ങളെല്ലാം ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. അതനുസരിച്ചുള്ള നിലപാട് തുടരുന്നതുകൊണ്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച്

* 158. [161] ശ്രീ. വി. ജെ. തങ്കപ്പൻ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ലക്ഷം വീടുകൾ, അറ്റകുറ്റപ്പണി നടത്താത്തതുകാരണം തകർന്നു വീഴുന്നു. അവസ്ഥയിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ലക്ഷം വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

പശ്ചിമഘട്ട വനങ്ങൾ

* 159. [162] ശ്രീ. പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. സീതി ഹാജി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വനങ്ങളുടെ ശാസ്ത്രീയമായ പരിപാലനത്തിന് എന്തെങ്കിലും പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രധാനപ്പെട്ട പരിപാടികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly